ഉത്തരം

(എ) 21.53 ശതമാനം ഇതുവരെ ചെലവഴിച്ചു.

(ബി) ചെലവഴിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) സഹായം നൽകിവരുന്നു.

(ഡി) പദ്ധതി വിഹിതത്തിന്റെ സംസ്ഥാന വിഹിതം യഥാസമയങ്ങളിൽ നൽകിവരുന്നു. വിനിയോഗം വിവിധ തലങ്ങളിൽ അവലോകനം ചെയ്ത് പ്രശ്നങ്ങൾ കണ്ടെത്തിയാൽ പരിഹാരങ്ങൾ നിർദ്ദേശിച്ചുവരുന്നു. പദ്ധതി വിഹിതം പൂർണ്ണമായി ചെലവഴിക്കാൻ ഉതകുന്ന വിധത്തിൽ സർക്കാർ പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ട പദ്ധതി വിഹിതം

242 (3449) ശ്രീ. എ. കെ. ബാലൻ :

ശ്രീ. പി. കെ. ഗുരുദാസൻ :

ശ്രീ. വി. ശിവൻകുട്ടി :

ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടുന്ന പദ്ധതി വിഹിതം സംസ്ഥാന ധനകാര്യ കമ്മീഷൻ നടത്തിയ ശിപാർശകൾക്കനുസൃതമായിട്ടാണോ അനുവദിച്ചിട്ടുള്ളത് എന്നറിയിക്കുമോ;

(ബി) കമ്മീഷന്റെ ശിപാർശപ്രകാരം എത്ര ശതമാനം തുകയാണ് 2011-12 മുതലുള്ള ഓരോ വർഷവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കിവയ്ക്കേണ്ടി വരുന്നത്; ഓരോ വർഷവും അനുവദിച്ചതും പിൻവലിച്ചതുമായ തുകയുടെ കണക്ക് ലഭ്യമാണോ; വിശദമാക്കുമോ;

(സി) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നീക്കിവയ്ക്കുന്ന തുക കുറയുന്നത് അധികാരവികേന്ദ്രീകരണത്തെ ദുർബലപ്പെടുത്താൻ ഇടയാക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശകൾക്കനുസൃതമായി സംസ്ഥാനത്തിന്റെ വിഭവം കണക്കിലെടുത്താണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം അനുവദിച്ചിട്ടുള്ളത്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു*. (പിൻവലിച്ച തുകയുടെ കണക്ക് ശേഖരിച്ച് നൽകുന്നതാണ്)

(സി) നീക്കിവയ്ക്കുന്ന തുക കുറയുന്നില്ല എന്നതിനാൽ ബാധകമല്ല.

പഞ്ചായത്തുകളുടെ പ്രവർത്തന രീതി പരിഷ്കരണം

243 (3450) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ പ്രവർത്തന രീതി പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത തീരുമാനം സംബന്ധിച്ച് മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത തീരുമാനം ജനങ്ങൾക്ക് എപ്രകാരം പ്രയോജനകരമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ ?

ഉത്തരം

(എ) പഞ്ചായത്തുകളുടെ പ്രവർത്തന രീതി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്.
2. പദ്ധതി നിർവ്വഹണത്തിന് വർഷത്തിൽ 12 മാസവും ലഭിക്കത്തക്ക രീതിയിൽ പദ്ധതി അംഗീകാര നടപടികൾ വേഗത്തിലാക്കി. ദീർഘകാല അടിസ്ഥാനത്തിലുള്ള പ്രോജക്ടുകൾക്ക് ഊന്നൽ നൽകുന്നതിന്റെ ഭാഗമായി ഓരോ തദ്ദേശഭരണ സ്ഥാപനവും 5 വർഷത്തേയ്ക്ക് ഏറ്റെടുക്കാവുന്ന പ്രോജക്ടുകളും ഓരോ വർഷത്തേക്കുമുള്ള പദ്ധതികളും തയ്യാറാക്കുന്നതിന് പദ്ധതി മാർഗ്ഗരേഖ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതി ആസൂത്രണവും അംഗീകാരം നേടലും നടപടി ക്രമങ്ങൾ ലഘൂകരിച്ച് സാങ്കേതിക ഉപദേശക സമിതി ഒഴിവാക്കി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.